റിലേഷൻസ് വകുപ്പ് സെക്രട്ടറി ചെയർമാനും പബ്ലിക് റിലേഷൻസ് ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായി പ്രവർത്തിക്കുന്ന ഈ മോണിറ്ററിംഗ് കമ്മിറ്റിയിൽ ഡി.ജി.പി.-യുടെ പ്രതിനിധി, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി, ദൂരദർശൻ കേന്ദ്രം ഡയറക്ടർ എന്നിവർ അംഗങ്ങളാണ്. കൂടാതെ അഞ്ച് നോമിനേറ്റഡ് അംഗങ്ങളും ഈ സമിതിയിലുണ്ട്. ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ ടി ആകൃതിലെ 3,5,6,8 വകുപ്പുകളിൽ ഉൾപ്പെടുന്ന കാര്യങ്ങളിൽ കേബിൾ ഓപ്പറേറ്റർമാർ നിയമലംഘനം വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ജില്ലാ മജിസ്ട്രേറ്റുമാർക്കോ സബ്ഡിവിഷണൽ മജിസ്ട്രേറ്റുമാർക്കോ പോലീസ് കമ്മീഷണർമാർക്കോ അതുമല്ലെങ്കിൽ അവർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കോ കേബിൾ നെറ്റ്വർക്ക് സർവ്വീസ് നടത്തുവാൻ ഉപയോഗിച്ചിരിക്കുന്ന ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിനും കേബിൾ ഓപ്പറേറ്റർമാർക്കെതിരെ തുടർന്നുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരമുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ടകാര്യങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

കടൽപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി പഠനം

23 (25) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

0.02 എം.എം. നിരക്കിൽ പ്രതിവർഷം കടൽനിരപ്പ് ഉയരുന്ന ഭീഷണി നേരിടുന്നതു സംബന്ധിച്ച് കേരളത്തിൽ പഠനങ്ങൾ നടക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കടൽ പ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി ഇത്തരം ഒരു പഠനം നടത്താൻവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കടൽനിരപ്പ് ഉയരുന്നതു സംബന്ധിച്ച് 'സെസ്സ്' ഇപ്പോൾ പ്രത്യേകമായ പഠനങ്ങൾ നടത്തുന്നില്ല. കേരള തീരത്ത് കടൽ നിരപ്പിന്റെ ഉയർച്ച അളക്കുന്നതിനും വിശകലനം ചെയ്യുന്നതിനുമായുള്ള പഠന പദ്ധതി കാലാവസ്ഥ വ്യതിയാന പഠന പദ്ധതിയുടെ ഭാഗമായി 'സെസ്സ്' സമർപ്പിച്ചിട്ടുണ്ട്. ഇത് പരിഗണനയിലാണ്.

അപേക്ഷകരോടുള്ള ബാങ്ക് അധികൃതരുടെ ഇടപെടൽ

24 (26) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly